പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 92 — 26.02.2018 ൽ മറുപടിക്ക്

## എയർ കേരള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പ്രവാസി മലയാളികളുടെ വിമാന യാത്ര ചെലവ് ചുരുക്കുന്നതിനും യാത്ര സുഗമമാക്കുന്നതിനുമായി വിഭാവനം ചെയ്ത എയർ കേരള പദ്ധതി എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും (എഫ്) ഉം (ജി) യും | ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന മലയാളികളുടെ വിമാനയാത്രാ ചിലവ് ചുരുക്കുന്നതിനും, സുഗമമാക്കുന്നതിനും വേണ്ടിയാണ് സിയാലിന്റെ അനുബന്ധമായി എയർ കേരള ലിമിറ്റഡ് കമ്പനി ഫെബ്രുവരി 2006 ൽ തുടങ്ങിയത്. തുടർന്ന് സിയാൽ വളരെ വിശദമായ ഒരു സാധ്യതാ പഠനം നടത്തുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ 2016 ലെ പുതിയ വ്യോമയാന നയപ്രകാരം 20 വിമാനങ്ങളോ, അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റിവയ്ക്കുന്ന കമ്പനികൾക്ക് മാത്രമെ രാജ്യാന്തര സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ഈ നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്നതിനാൽ പദ്ധതി താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) എയർ കേരള പദ്ധതിക്കായി എപ്പോഴാണ് നടപടികൾ തുടങ്ങിയതെന്ന് വ്യക്തമാക്കാമോ; | | |
| (സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | | |
| (ഡി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി വരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | | |
| (ഇ) ഈ തുക ആരിൽ നിന്ന് എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (എഫ്) കേന്ദ്ര സർക്കാരിന്റെ പുതിയ വ്യോമയാന നയം പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനു തടസ്സമാണോ എന്ന് വ്യക്തമാക്കാമോ; | | |
| (ജി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ തരണം ചെയ്യാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

SRao.

സെക്ഷൻ ഓഫീസർ.